**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1198** **07-02-2023 - ൽ മറുപടിയ്ക്ക്**

**താമരശ്ശേരി ചുരം വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ പാത 766-ലെ താമരശ്ശേരി ചുരത്തിൽ അടുത്ത കാലത്തായി നടത്തിയ വികസന പ്രവൃത്തികളും ഇനി നടത്താൻ വിഭാവനം ചെയ്തിട്ടുള്ള വികസന പ്രവർത്തനങ്ങളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | ദേശീയപാത 766-ൽ താമരശ്ശേരി ചുരത്തിൽ വാർഷിക പദ്ധതി 2019-20-ൽ ഉൾപ്പെടുത്തി കി.മീ 45/000(അടിവാരം) മുതൽ 66/000(ലക്കിടി) വരെയുള്ള ഭാഗം ഉപരിതലം DBM&BC ചെയ്ത് നവീകരണ പ്രവൃത്തി 30.12.2021-ന് പൂർത്തീകരിച്ചു. വനം വകുപ്പിന്റെ സ്ഥലം ലഭ്യമായ ഇടങ്ങളിൽ ഹെയർപിൻ വീതി കൂട്ടി ഗതാഗത സൗകര്യം സുഗമമാക്കുന്ന പ്രവൃത്തി വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ പുതുപ്പാടി മുതൽ മുത്തങ്ങ (കി.മീ.40/00മുതൽ 117/600) വരെ പേവ്ഡ് ഷോൾഡറോടുകൂടി രണ്ട് വരി പാതയായി വികസിപ്പിക്കുന്ന ഡി.പി.ആർ പ്രവൃത്തിയിൽ വയനാട് ചുരം കൂടി ഉൾപ്പെടുന്നുണ്ട്. |
| (ബി) | ചുരം വികസനത്തിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ബി) | ചുരത്തിൽ കൂടുതലും വനം വകുപ്പിന്റെ കൈവശ ഭൂമിയാണ്. ആയതിനാൽ വീതി കൂട്ടുന്നതിനും റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനും സ്ഥല ലഭ്യതയ്ക്ക് വനം വകുപ്പിന്റെ അനുമതി ലഭ്യമാകണം. |

സെക്ഷൻ ഓഫീസർ